**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2882** **14-09-2023 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി എ കെ ജി സഹകരണ ആശുപത്രിയുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എ കെ ജി സ്മാരക സഹകരണ ആശുപത്രിയുടെ സ്ഥലം കോടതി അറ്റാച്ച് ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എ കെ ജി സ്മാരക സഹകരണ ആശുപത്രിയുടെ സ്ഥലം കോടതി അറ്റാച്ച് ചെയ്തിട്ടില്ല. നിലവിൽ സംഘം പ്രവർത്തന രഹിതമാണ്. സംഘം പ്രവർത്തിച്ചിരുന്നത് വാടകകെട്ടിടത്തിലായിരുന്നു. |
| (ബി) | പ്രസ്തുത ഭൂമി മണ്ണിട്ട് നികത്തുന്നതിന് അനുമതി നൽകിയിരുന്നോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത ഭൂമി മണ്ണിട്ട് നികത്തുന്നതിന് സഹകരണ വകുപ്പിൽ നിന്നും അനുമതി നല്കിയിട്ടില്ല. |
| (സി) | പ്രസ്തുത ഭൂമിയിൽ തിരൂരങ്ങാടി സബ് ആർ. ടി. ഒ. ഓഫീസ് മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് സഹകരണ വകുപ്പിന്റെ അനുമതിയോടു കൂടിയാണോ; വിശദമാക്കാമോ? | (സി) | പ്രസ്തുത ഭൂമിയിൽ തിരൂരങ്ങാടി സബ് ആർ. ടി. ഒ. ഓഫീസ് മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് സഹകരണ വകുപ്പിൽ നിന്നും അനുമതി നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ